പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 992 12.12.2012 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത കോളനികൾക്കുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. സി.കെ. നാണു<br>ശ്രീ. മാത്യു റ്റി. തോമസ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സ്വയം പര്യാപ്ത കോളനികളായി പട്ടികജാതി കോളനികളെ രൂപാന്തരപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സ്രോതസ് എന്താണെന്ന് വ്യക്തമാക്കാമോ; | എ) | അൻപതിലധികം പട്ടികജാതി കുടുംബങ്ങൾ ഉള്ള പട്ടികജാതി കോളനികളെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സമഗ്ര വികസന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയ്ക്ക് 100 നിയമസഭാ മണ്ഡലങ്ങളിൽ നിന്നും 100 കോളനികളും 20 ലോക് സഭാമണ്ഡലങ്ങളിൽ നിന്നും 20 കോളനികളും ചേർത്ത് ആകെ 120 പട്ടികജാതി കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അൻപതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും KILA യുടെ സർവ്വേ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ളതുമായ കോളനികളിൽ നിന്നും 120 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അപ്രകാരമുള്ള ഒരു കോളനിയിൽ ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ് പ്ലാന്റ്, |

| | | |
|---|---|---|
| | | മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായസംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നീ വികസന പ്രവർത്തനങ്ങളാണ് കോളനികളിൽ നടത്താൻ ഉദ്ദേശിക്കുന്നത്. സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുള്ള ഏജൻസി മുഖാന്തിരമാണ് കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി തുക ഉപയോഗിക്കുന്നത്. |
| (ബി) കോളനികളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ; | ബി) | അൻപതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും, KILA യുടെ സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കോളനികളെയാണ് ടി പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർവഹണ ഏജൻസികളായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | സി) | സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരമാണ് ടി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ